# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

2019 സെപ്തംബർ 16, പുസ്തകം 39, ലക്കം 22




മാഞ്ഞുപോയ സൂര്യനെയോർത്താണ്
നിങ്ങൾ കണ്ണുനീർ വാർക്കുന്നതെങ്കിൽ
നക്ഷത്രങ്ങളെ നിങ്ങൾ കാണില്ല.

–രബീന്ദ്രനാഥ ടാഗോർ



## മലർമൊഴി

മഹാകവി രബീന്ദ്രനാഥ ടാഗോറിനെപറ്റി കൂട്ടുകാർക്ക് അറിയാമല്ലോ. സാഹിത്യത്തിന് നോബൽ സമ്മാനം ലഭിച്ച ഒരേ ഒരു ഇന്ത്യക്കാരൻ. 1913–ലാണ് ടാഗോറിന്റെ ഗീതാഞ്ജലി എന്ന കാവ്യപുസ്തകം നോബൽ സമ്മാനത്തിന് അർഹമായത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ഇത്രക്ക് ആഴത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള മഹാകവികൾ ലോകസാഹിത്യത്തിൽത്തന്നെ ചുരുക്കമാണ്.


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** | Sub Editor **Mehd Maqbool**
Cover **Fasal Edavanakd** Layout & Graphics **Fasal Edavanakad** | Technical Support **Fahis Ali**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation 0495 2732555 Manager 0495 2730073 | e-mail **managerprabodhanamclt@gmail.com**

പ്രകൃതി ഉപാസകരായ ഇംഗ്ലീഷ് കാൽപ്പനിക കവികളായ വേർഡ്സ് വർത്ത്, ഷെല്ലി, കീറ്റ്സ് എന്നിവരോട് കിടപിടിക്കുന്നതാണ് രബീന്ദ്രസാഹിത്യം. പ്രകൃതിയാണ് അദ്ദേഹത്തിന്റെ കൃതികളുടെ വിഷയം. നക്ഷത്രങ്ങളും പൂക്കളും സസ്യങ്ങളും ഋതുക്കളുമെല്ലാം ടാഗോർ കവിതകളിൽ അസാധാരണമായ സൗന്ദര്യത്തോടെ അണിനിരക്കുന്നു.

ടാഗോറിന്റെ ഒരു ചെറു കാവ്യപരാമർശമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഒരു ദിവസത്തിന്റെ രണ്ടു ഭാഗങ്ങളാണ് പകലും രാത്രിയും. പകൽ സൂര്യൻ കത്തിജ്ജ്വലിക്കുന്നു. സന്ധ്യയാകുന്നതോടെ സൂര്യനസ്തമിക്കുകയും ഇരുൾ പരക്കുകയും ചെയ്യുന്നു. രാത്രിയിൽ ആകാശത്ത് നക്ഷത്രങ്ങൾ ഉദിക്കുന്നു.

പകൽ മാഞ്ഞുപോയ സൂര്യനെയോർത്ത് വിലപിച്ചാൽ നമുക്ക് നക്ഷത്രങ്ങളുടെ സൗന്ദര്യം ആസ്വദിക്കാനാകുന്നില്ല എന്ന് പറയുമ്പോൾ ഇവിടെ കവി ഉദ്ദേശിക്കുന്നത് നാം നമ്മുടെ ഭൂതകാലത്തെക്കുറിച്ച് വിലപിച്ചുകൊണ്ടിരുന്നാൽ വർത്തമാനകാലത്തിന്റെ സാധ്യതകളെയും സൗന്ദര്യത്തെയും നമുക്ക് കാണാൻ കഴിയില്ല എന്നാണ്.

ഭൂതകാലം കഴിഞ്ഞു പോയി. അത് ഇനി ഒരിക്കലും തിരിച്ചുവരില്ല. വർത്തമാനകാലത്തിൽ ജീവിക്കുകയാണ് വിവേകിയായ മനുഷ്യൻ ചെയ്യേണ്ടത്.

ഭൂതകാലത്തിലെ നഷ്ടങ്ങളെക്കുറിച്ച് ഓർമിച്ചുകൊണ്ടിരുന്നാൽ വർത്തമാനകാലത്തെ വേണ്ടവിധം ഉപയോഗപ്പെടുത്താൻ കഴിയില്ല.

കാവ്യാത്മകമായ പ്രതീകങ്ങളിലൂടെ ഈ മഹത്തായ ആശയം ടാഗോർ നമുക്ക് പറഞ്ഞുതരുന്നു. കർമ്മോത്സുകവും ശുഭകരവുമായ എത്ര മനോഹരമായ സന്ദേശമാണ് അത് അല്ലേ?

● *പി.എ.എൻ*

## പാരച്യൂട്ട് വാൽ

അണ്ണാൻ മരച്ചില്ലകളിൽ നിന്നും ചാടുമ്പോൾ വാലുയർത്തിപ്പിടിക്കും. വീഴ്ചയുടെ വേഗം കുറയ്ക്കാനാണിത്. വിമാനത്തിൽ നിന്നും ചാടുമ്പോൾ പാരച്യൂട്ട് നിവർത്തുന്നതു പോലെയാണിതും.



**അർജന്റീനയുടെ തലസ്ഥാനം– ബ്യൂണസ് അയേഴ്സ്**